**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4047** **15-07-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ചില ജീവനക്കാർ വ്യാപക അഴിമതി നടത്തുന്നതായി വകുപ്പ് മന്ത്രി പ്രസ്താവന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തെളിവുകളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | ഏതൊക്കെ ജീവനക്കാർക്കെതിരെയാണ് പരാതിയുള്ളതെന്നും നടപടികൾ സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | ലഭ്യമായ പരാതികളിലെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | തദ്ദേശ സ്ഥാപന ഭരണസമിതികൾക്ക് അഴിമതിക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് എന്തൊക്കെ അധികാരങ്ങളാണുള്ളത്; | (സി) | പഞ്ചായത്തുകൾക്കായി കൈമാറുന്ന ജീവനക്കാരുടെ പൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും അതത് പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കുന്നതാണെന്നും, ഇത്തരത്തിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരെ അച്ചടക്ക നടപടി ആരംഭിക്കേണ്ടതായി വന്നാൽ പഞ്ചായത്ത് പ്രസിഡന്റിന് ടി ജീവനക്കാരനെതിരെ അന്വേഷണം നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ അവകാശമുണ്ടെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് 181-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കൂടാതെ ഇതിലേക്കായുണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ടി ഉദ്യോഗസ്ഥനെതിരെയോ ജീവനക്കാരനെതിരായോ ലഘുശിക്ഷകൾ ചുമത്താനും ഒരു പഞ്ചായത്തിന് അധികാരിതയുണ്ടായിരിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഒരു ജിവനക്കാരന്റെയോ/ഉദ്യോഗസ്ഥന്റെയോ, ജനപ്രതിനിധിയുടെയോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ അഴിമതിയോ ദുർഭരണമോ |

| | | | |
|---|---|---|---|
| | | | ആരോപിച്ചുള്ള ഏതെങ്കിലും പരാതിയിൽ അന്വേഷണം നടത്തി തുടർ നിർദ്ദേശം നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഒരു ചുമതലയാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 271 ജെ വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.<br><br>2011ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരം അഴിമതിക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ഭരണ സമിതികൾക്ക് അധികാരം ഉണ്ട്. സ്റ്റേറ്റ് സർവ്വീസിൽപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ശിക്ഷ നടപ്പാക്കുന്നതിനും ശിക്ഷയുടെ വിവരം അയാളുടെ സർവ്വീസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനുമായി ആയതിന്റെ പകർപ്പ് ആമുഖ കത്ത് സഹിതം ബന്ധപ്പെട്ട നിയമനാധികാരിക്കും അക്കൗണ്ടന്റ് ജനറലിനും ചെയർപേഴ്സൺ അയച്ചുകൊടുക്കേണ്ടതാണ്. മുനിസിപ്പൽ ജീവനക്കാരനോ സബോഡിനേറ്റ് സർവ്വീസിൽപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥനോ അയാളുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റത്തിന്റെ ഗൗരവവും സ്വഭാവവും കണക്കിലെടുത്ത് അയാളുടെ മേൽ 4-ാം ചട്ട പ്രകാരം ലഘു ശിക്ഷകൾ ചുമത്താനും ഗുരുതരമോ സ്വഭാവ ദൂഷ്യം ഉൾപ്പെടുന്നതോ കടുത്ത ശിക്ഷ അർഹിക്കുന്നതോ ആയ കുറ്റം ചെയ്തിരിക്കുന്നുവെന്ന് ബോധ്യമായാൽ സസ്പെന്റ് ചെയ്യുന്നതിനും കൗൺസിലിന് അധികാരമുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് പ്രസ്തുത സ്ഥാപന സെക്രട്ടറിമാർക്ക് എന്തൊക്കെ അധികാരങ്ങളാണ് നൽകിയിട്ടുള്ളത്; നൽകിയ അധികാരങ്ങളിൽ ഏതെങ്കിലും ഈ സർക്കാരിന്റെ കാലത്ത് പിൻവലിച്ചിട്ടുണ്ടോ; | (ഡി) | കേരള പഞ്ചായത്ത് രാജ് ആക്ട് 182-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ മേൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.<br><br>1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിയ്ക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലും ഡിസിപ്ലിനറി പ്രോസീഡിംഗ്സ് മാനുവലിലും പറഞ്ഞിട്ടുള്ള നിബന്ധനകൾ പ്രകാരമുള്ള അധികാരങ്ങൾ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്.<br><br>നൽകിയ അധികാരങ്ങളിൽ ഒന്നും ഈ സർക്കാരിന്റെ കാലത്ത് പിൻവലിച്ചിട്ടില്ല. |
| (ഇ) | ജീവനക്കാരെ സ്ഥലം മാറ്റണമെന്ന് ഭരണസമിതികൾ ആവശ്യപ്പെട്ടിട്ടും മാറ്റാത്ത കേസുകളിൽ നടപടിയുണ്ടാകുമോ; | (ഇ) | ജീവനക്കാരെ സ്ഥലം മാറ്റുന്നതിന് ഭരണസമിതികൾ ശിപാർശ ചെയ്യുന്ന കഴമ്പുള്ള കേസ്സുകളിൽ നടപടി സ്വീകരിക്കാറുണ്ട്. |
| (എഫ്) | പൊതു ജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് | (എഫ്) | പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർ നല്കുന്ന |

| | | | |
|---|---|---|---|
| | സംവിധാനം ഏർപ്പെടുത്തി അഴിമതി തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ശക്തമായ ഒരു ആഭ്യന്തര വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ